**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5891** **25-03-2025 - ൽ മറുപടിയ്ക്ക്**

**കിനാലൂർ കെ.എസ്.ഐ.ഡി.സി. യുടെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കിനാലൂർ കെ.എസ്.ഐ.ഡി.സി. യിൽ അൺഡവലപ്പ്ഡ് ഏരിയയായി എത്ര ഏക്കർ ഭൂമി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ഐ.ഡി.സി. ഐ.ജി.സി കോഴിക്കോട് കിനാലൂരിൽ നിലവിൽ അൺഡെവലപ്പ്ഡ് ലാൻഡ് ഇല്ല.കെ.എസ്.ഐ.ഡി.സി. ഐ.ജി.സി കോഴിക്കോട് കിനാലൂരിൽ 310.71 ഏക്കർ ഭൂമി നിലവിലുള്ളതിൽ 151.58 ഏക്കർ ഭൂമി നിർദ്ദിഷ്ട AIIMS പദ്ധതിക്കായി റവന്യൂ ഡിപ്പാർട്ട്മെന്റിന് കൈമാറുകയും ബാക്കിയുള്ള 159.13 ഏക്കർ ഡെവലപ്പ്ഡ് ലാൻഡുമാണ് ഉള്ളത്. |
| (ബി) | പ്രസ്തുത ഭൂമി ഡോ. ബി.ആർ. അംബേദ്കർ മെമ്മോറിയൽ ഗവ: ആർട്സ് &സയൻസ് കോളേജിന് കളിക്കളം നിർമ്മിക്കുന്നതിന് വിട്ടുനൽകാൻ കോളേജ് അധികൃതർ അപേക്ഷ നൽകിയിരുന്നോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ഡോ. ബി.ആർ. അംബേദ്കർ മെമ്മോറിയൽ ഗവ.ആർട്സ് & സയൻസ് കോളേജിന് കളിക്കളം നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിനായി കോളേജ് അധികൃതർ അപേക്ഷ നൽകിയിട്ടില്ല. കോളേജ് അധികൃതർ 5 ഏക്കർ ഭൂമി കൂടി അധികം അനുവദിക്കാനുള്ള അപേക്ഷയാണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ഐ.ജി.സി. കോഴിക്കോടിൽ നിലവിൽ സ്ഥല ലഭ്യതക്കുറവ് മൂലം കോളേജിന്റെ ആവശ്യം പരിഗണിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത് എന്ന വിവരം കോളേജ് അധികൃതരെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ